**(12) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്**

*ശ്രീ. കെ. വി. തോമസ്:* ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

# IX. ക്രമപ്രശ്നം

**സബ്ജക്ട് കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്**

*ശ്രീ. എം. വി. ജയരാജൻ:* സബ്ജക്ട് കമ്മിറ്റിയുടെ സ്ക്രൂട്ടിണിയെല്ലാം ഇപ്പോൾ പ്രഹസനമായി മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നിയമസഭാ ചട്ടം 140 (3) അനുസരിച്ച് ഓരോ വകുപ്പും പ്രത്യേകം പ്രത്യേകം ധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നതിനും പാസാക്കുന്നതിനും മുൻപായി, ധനാഭ്യർത്ഥനകൾ തയ്യാറാക്കുന്ന സന്ദർഭത്തിൽത്തന്നെ അതാതു സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് അത് വിധേയമാക്കണമെന്നുണ്ട്. എന്നാൽ 140 പ്രകാരം തന്നെ മറ്റൊരുകാര്യവും പറയുന്നുണ്ട്. വിശദമായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ നമ്മുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടേയും അതുപോലെ സബ്ജക്ട് കമ്മിറ്റികളുടേയും ശുപാർശകൾകൂടി പരിഗണിച്ചുകൊണ്ട് തയ്യാറാക്കണമെന്നുള്ളതാണ് പറയുന്നത്. എന്നാൽ ഇതൊന്നും ഇവിടെ പരിഗണിക്കപ്പെടുന്നില്ല. ചട്ടം (236) പ്രകാരമുള്ള ഒരു നടപ്പ് പ്രസ്താവന സ്ഥിരമായി വന്നുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷമെങ്കിലും പരിഗണിക്കപ്പെടുമെന്നുള്ള നിലയും ഇല്ല. ഇനി സാമ്പത്തിക ബാധ്യത ഇല്ലാത്തകാര്യങ്ങളെ സംബന്ധിച്ച് അതാതു ഭരണ വകുപ്പാണ് പരിഗണിക്കേണ്ടതെന്നു പറയുന്നു. എന്നാൽ ഭരണ വകുപ്പ് ഒട്ടും പരിഗണിക്കുക യുമില്ല. നെല്ല് സംഭരണത്തിനാവശ്യമായിട്ടുള്ള 100 കോടി രൂപയുടെ കാര്യവും, കാർഷിക ഉൽപന്നങ്ങളുടെ വില സ്ഥിരത സംബന്ധിച്ചും, റവന്യൂ കമ്മി പരിഹരിക്കാനുള്ള 296 കോടിരൂപയെ സംബന്ധിച്ചും വിവിധ സബ്ജക്ട് കമ്മിറ്റികളുടെ ശുപാർശകൾ പരിഗണിക്കുന്നില്ലെന്നു മാത്രമല്ല സാമ്പത്തിക ബാധ്യതകൾ ഇല്ലാത്ത ചില ഐറ്റങ്ങൾ അതായത് ദേവസ്വം ബോർഡ്, River Development Authority, മണൽ വാരൽ, നദീതട സംരക്ഷണം തുടങ്ങിയുള്ള ഒരുപാട് കാര്യങ്ങളുണ്ട്. കൂടാതെ പുതിയ വ്യവസായങ്ങൾ എങ്ങനെ ആരംഭിക്കണം, ഏത് തോതിൽ ആരംഭിക്കാം തുടങ്ങിയിട്ടുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുവേണ്ടി Entrepreneurs Guidance Cell ആരംഭിക്കുക; ഇത്യാദി കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വന്നതാണ്. എന്നാൽ യഥാർത്ഥത്തിൽ അഡ്മിനിസ്ട്രേറ്റീവ് വകുപ്പ് ഈ നിർദ്ദേശങ്ങൾ പരിശോധിക്കുന്നുണ്ടോ? പരിശോധിച്ചിട്ട് അത് നടപ്പിലാക്കുന്നുണ്ടോ? ഈ സഭയ്ക്ക് ഇത് അറിയാനുള്ള ഒരു മാർഗ്ഗവും ഇല്ല. ഫലത്തിൽ നമ്മുടെ സബ്ജക്ട് കമ്മിറ്റികളുടെ സ്ക്രൂട്ടിണി ഇന്ന് ഒരു പ്രഹസനമായി മാറുകയാണ്. ഇത് പ്രഹസനമാക്കാതെ സബ്ജക്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി സ്ക്രൂട്ടിണി മൂന്നാഴ്ചയ്ക്കുള്ളിൽ നടത്തിക്കൊടുക്കുന്ന ഏർപ്പാട് അവസാനിപ്പിച്ചുകൊണ്ട് അവയുടെ റിപ്പോർട്ടുകളിൻമേലുള്ള ശുപാശകൾ നടപ്പാകും എന്നുള്ള ഉറപ്പ് ഉണ്ടാകണം. ഇത് സഭയുടെ അവകാശമാണ്; അംഗങ്ങളുടെ അവകാശമാണ്. നിയമസഭാ സ്പീക്കർ ഇതിനുള്ള സംരക്ഷണം നൽകണമെന്നാണ് ഈ ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* അദ്ദേഹം തന്നെ അദ്ദേഹത്തിന്റെ നോട്ടീസിൽ പറഞ്ഞിട്ടുണ്ട് കമ്മിറ്റികൾ എല്ലാം കൂടി അയ്യായിരം കോടിയിൽ കൂടുതൽ രൂപയുടെ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്, അതൊന്നും പരിഗണിച്ചില്ലെന്ന്. അതിൽ നിന്നുംതന്നെ അറിയാം നിർദ്ദേശങ്ങൾ പരിഗണിക്കാൻ സാധ്യമല്ലെന്ന്. സബ്ജക്ട് കമ്മിറ്റി ഉണ്ടായപ്പോൾ അതിൽ ഒരു ക്ലാസ് ഉണ്ടായിരുന്നു. സബ്ജക്ട് കമ്മിറ്റിക്ക് ഇവയെല്ലാം പരിശോധിക്കാൻ അധികാരമുണ്ട്. എന്നാൽ ബഡ്ജറ്റ് ഫിനാൻസ് തീരുമാനിക്കും. ബന്ധപ്പെട്ട വകുപ്പ് തരുന്ന നിർദ്ദേശങ്ങൾ പരിശോധിച്ചാണ് ധനകാര്യമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. ആ ബഡ്ജറ്റിൽ ഓരോ വകുപ്പിനും ഇത്ര തുകയെന്ന് കണ്ടിട്ടുണ്ട്. അതിൽ കൂടുതൽ വേണമെന്ന് പറഞ്ഞാൽ കണ്ടെത്താൻ കഴിയുകയില്ല. സബ്ജക്ട് കമ്മിറ്റി തുടങ്ങിയപ്പോൾ പ്രത്യേകമായി പറഞ്ഞിരുന്ന ഒരുകാര്യമുണ്ട്. അതായത് സബ്ജക്ട് കമ്മിറ്റിക്ക് ഒരു വകുപ്പിൽ നിന്ന് തുക മാറ്റി വേറെ വകുപ്പിൽ വയ്ക്കാനുള്ള അധികാരം മാത്രമേയുള്ളൂ. ഒരു പൈസപോലും കൂടുതൽ വയ്ക്കാനുള്ള അധികാരം ഇല്ല. ഇത് ചട്ടത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടായിരുന്നു. അതിൽ പിന്നീട് എന്തോ മാറ്റം വന്നിരുന്നുവെങ്കിലും ഇന്റൻഷൻ അതാണ്. ബഡ്ജറ്റിൽ വരുന്നതിനനുസരിച്ചേ തുക കൂട്ടാൻ കഴിയുകയുള്ളൂ. ഭരണപരമായ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിക്ക് ചെയ്യാൻ ഒക്കില്ല. ബഡ്ജറ്റ് സ്ക്രൂട്ടിണി നടത്തുകയെന്നുള്ളതാണ് കമ്മിറ്റിയുടെ പ്രധാന ജോലി. അതല്ലാതെ ശ്രീ. എം. വി. ജയരാജൻ പറഞ്ഞതുപോലെ അയ്യായിരം കോടി രൂപ അധികം വയ്ക്കണമെന്നു സബ്ജക്ട് കമ്മിറ്റി പറഞ്ഞാൽ ഫിനാൻസിന് എങ്ങനെയാണ് സാധിക്കുന്നത്? പ്രായോഗികമായി അത് സാധ്യമല്ല.

*മി. സ്പീക്കർ:* ഇത് സംബന്ധിച്ച ചട്ടങ്ങൾ വളരെ ക്ലിയറാണ്. അഡീഷണൽ ഫണ്ട് വരുന്ന കാര്യത്തിൽ ഇതിന്റെ വേരിയേഷൻ വരുമ്പോൾ മാത്രമേ സ്റ്റേറ്റ്മെന്റിന്റെ ആവശ്യമുള്ളൂ. മറ്റേത് പീരിയോഡിക്കൽ സ്റ്റേറ്റ്മെന്റാണ്. അതിന്റെ സാങ്കേതികത്വം വരുന്നില്ല. സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സ്ട്രെങ്തൺ ചെയ്യണമെന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അത് നമുക്ക് കൂട്ടായിട്ട് ആലോചിക്കേണ്ട കാര്യമാണ്. പരീക്ഷണമെന്നുപറഞ്ഞുവന്നുവെങ്കിലും നമ്മൾ ആഗ്രഹിച്ച വിധം സ്ട്രെങ്തൺ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടില്ലെന്നത് സത്യമാണ്. അതിന് ഒരാൾ മറ്റൊരാളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അത് കൂടുതൽ സ്ട്രങ്തൺ ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് നമുക്ക് കൂട്ടായിട്ട് ആലോചിക്കാം; വേണ്ടിവന്നാൽ ചെയർമാൻമാരെ വിളിച്ച് ചർച്ച ചെയ്യാം.

# X. ഗവൺമെന്റ് പ്രമേയങ്ങൾ

## (1) ഓൺ-ലൈൻ ലോട്ടറിയുടെ പ്രത്യാഘാതങ്ങൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഓൺലൈൻ ലോട്ടറിയുടെ വിനാശകരമായ പ്രത്യാഘാതങ്ങൾ കേരളത്തിലെ വളരെയധികം ആളുകളെ നിത്യ ദാരിദ്ര്യത്തിൽ ആഴ്ത്തുകയും ചൂഷണ വിധേയരാക്കുകയുമുണ്ടായി. വളരെ പേർ അതിന് അടിമകളാകുകയും അവരുടെ വിലപ്പെട്ട ജീവൻ സ്വയം ത്യജിക്കുന്നിടംവരെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്തു. കൂടാതെ കുടുംബങ്ങളെ ഒടുങ്ങാത്ത ദുരിതങ്ങളിലാഴ്ത്തി ഈ കൊടിയ സാമൂഹ്യ വിപത്തിന് അന്ത്യം കുറിക്കുവാനും നിഷ്കളങ്കരും നിരപരാധികളുമായ ജനത്തെ ഓൺലൈൻ ലോട്ടറിയുടെ നിത്യേന വ്യാപിച്ചുവരുന്ന ഈ ബാധയിൽനിന്നും മോചിപ്പിക്കുവാനും ഈ മഹനീയ സഭ പ്രതിജ്ഞാബദ്ധമാണ്. കേരളത്തെ ഒരു ഓൺലൈൻ ലോട്ടറി വിമുക്ത മേഖലയാക്കി മാറ്റുകയെന്നുള്ളതാണ് ഈ പ്രമേയം കൊണ്ട് ലക്ഷ്യമിടുന്നത്. ആയതിലേക്ക് 30-3-2005-ലെ കേരള നിയമസഭയുടെ ഈ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. I will read the main part in English.

'We, the members of the Kerala Legislative Assembly unanimously do, hereby, resolve to request Government of India to prohibit online lottery in Kerala Under Section 6 of the Kerala Lotteries (Regulation) Act, 1998.'

*മി. സ്പീക്കർ*: പ്രമേയത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ ഐകകണ്ഠേന അംഗീകരിച്ചിരിക്കുന്നു.

## (2) 2001-ലെ അടിസ്ഥാന സൗകര്യ വികസന ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി അംഗങ്ങൾ

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, 2001 ഡിസംബർ മാസം 6-ാം തീയതി സഭ കൈക്കൊണ്ട തീരുമാനമനുസരിച്ച് രൂപീകൃതമായ 2001-ലെ കേരള അടിസ്ഥാന
12 NOON] സൗകര്യ വികസന ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയിൽ അംഗങ്ങളായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ കെ. കുട്ടി അഹമ്മദ്കുട്ടി, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly